ബാബേലടിമയിൻ കഷ്ടതകൾ
നിനച്ചീടുകിലായതിനറ്റമില്ലാ

ശോഭതിങ്ങീടുന്ന ദൈവനജനങ്ങളാ
ദേശത്തടിമകളായിരുന്നു-

1 പാട്ടുകൾ പോയവർ വീണകൾ വായിപ്പാനൊട്ടും കഴിയാതിരുന്നു പോയി
ചിന്താവിവശരായ് സീയോനെയോർത്തവ-
രന്തമെന്യേ കണ്ണീർ വാർത്തിരുന്നു-

2 ദൈവാലയത്തിലെ ഭംഗിയും ഭക്തിയുമുള്ളോരു സേവകൾ നഷ്ടമായി
യാഗവും യാഗമൃഗങ്ങളുമില്ലിനി ദേവാലയം ചുട്ടുചാമ്പലായി-

3 ഭാഷ മറിഞ്ഞുപോയ് വേദം ഗ്രഹിക്കുവാൻ
ശേഷിയില്ലാതെയായ് തീർന്നിതല്ലോ
ബാബേൽ കുഴപ്പത്തിൽ നാവും നയനവും തീരെപ്പിശകീടും നിശ്ചയമേ-

4 മുന്തിരിങ്ങാപ്പഴ മത്തിപ്പഴങ്ങളും തിന്മാൻ കിടച്ചില്ലടിമനാട്ടിൽ
സ്വന്ത ദേശത്തിലെ സ്വാദുള്ള ഭോജനം ചിന്തയിൽപോലും രുചിച്ചതില്ല-

5 സ്വാമികളായ് നിജനാട്ടിൽ വസിച്ചവർ ദാസരായൂഴിയം ചെയ്തിടുന്നു
ആജ്ഞകൊടുത്തവരാജ്ഞകൾ പാലിപ്പാൻ
കാത്തു നിന്നിടണമെന്നു വന്നു-

6 സന്തോഷം കൊ  ിരു കൺകൾ വികസിച്ച
സുന്ദരരൂപികളന്യ നാട്ടിൽ കണ്ണീരൊലിപ്പിച്ചു കൺകൾ കുഴിഞ്ഞങ്ങു-

7 യാവിന്നടിയിണ സേവിച്ചിരുന്നൊരു ദൈവജനങ്ങിലായിരങ്ങൾ
ബേൽവിഗ്രഹത്തിനു മുമ്പിൽ വണങ്ങുന്ന
കാഴ്ചയോ ചങ്കു തകർത്തിടുന്നു-

8 വെള്ളപ്പളുങ്കുപോൽ സ്വച്ഛതയാ  ാരു ദൈവപ്രമാണം മറന്നിവിടെ
കള്ളപ്പുരോഹിത തന്ത്രം ശ്രവിക്കുന്ന
തുള്ളമശേഷം പൊരിച്ചിടുന്നു-

9 ജ്ഞാനാർത്ഥകമായോരാരാധന ക്രമം
തീരെ മറുകൃതിയാക്കിയഹോ! വസ്തുമയമായോരാരാധനക്രമം
തീർത്തു നടത്തുന്നടിമനാട്ടിൽ-

**K.V.S.**